# ജുവനൈൽ ജസ്റ്റിസ് ആക്റ്റ്, പോക്സോ ആക്റ്റ് എന്നിവ സംബന്ധിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു

ആലുവായിലുള്ള എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ വെച്ച് ഇന്ന് (02.11.2018) ജുവനൈൽ ജസ്റ്റിസ് ആക്റ്റ്, പോക്സോ ആക്റ്റ് എന്നിവ സംബന്ധിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു.

എറണാകുളം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൻെറ ആഭിമുഖ്യത്തിൽ ചൈൽഡ് വെൽഫയർ ഓഫീസേഴ്സ്, ചൈൽഡ് ലൈൻ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർക്കാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. രാവിലെ 10.00 മണിക്ക് ആരംഭിച്ച പരിശീലന പരിപാടി എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി രാഹുൽ.ആർ.നായർ ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീ.നിഷാദ് കെ.എം സ്വാഗതം ആശംസിച്ച ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി ഉദയഭാനു.കെ.എസ് അദ്ധ്യക്ഷ പ്രസംഗം നടത്തി. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി. സൈന കെ.ബി മുഖ്യപ്രഭാഷണം നടത്തി.

രാവിലെ നടന്ന ആദ്യ സെക്ഷനിൽ പോക്സോ ആക്റ്റ് സംബന്ധിച്ച് ബഹു.കേരള ഹൈക്കോർട്ട് വിജിലൻസ് സെൽ ഡി.വൈ.എസ്.പി ജോസഫ് സാജു ക്ലാസ്സ് നയിച്ചു. ഉച്ച കഴിഞ്ഞ സെക്ഷനിൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റ് – 2015 സംബന്ധിച്ച് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി. സൈന കെ.ബി ക്ലാസ്സ് നയിച്ചു. ക്ലാസ്സുകൾക്ക് ശേഷം നടന്ന പാനൽ ചർച്ചയിൽ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി സബ്ബ് ജഡ്ജ് എ.എം.ബഷീർ, എറണാകുളം ജില്ലാ ചൈൽഡ് വെൽഫയർ കമ്മറ്റി ചെയർ പേഴ്സൺ പത്മജ നായർ, എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി ഉദയഭാനു.കെ.എസ്, കൊച്ചി സിറ്റി ജില്ലാ ക്രൈംബ്രാഞ്ച് എ.സി.പി ബിജി ജോർജ്ജ്, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി. സൈന കെ.ബി എന്നിവർ പങ്കെടുത്തു.